# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1044** **06.06.2018 ലെ മറുപടി**

**ജലസേചനവകുപ്പിലെ എസ്.എൽ.ആർ.ജീവനക്കാരുടെ പെൻഷൻ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ :** | | **മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | ജലസേചനവകുപ്പിൽ പതിനഞ്ചും ഇരുപതും വർഷങ്ങളായി എസ്.എൽ.ആർ.ജീവനക്കാരായി ജോലി ചെയ്ത നിരവധി പേർക്ക് പെൻഷൻ ലഭിക്കാതെ ഗ്രാറ്റുവിറ്റി മാത്രം ലഭിച്ച് പിരിഞ്ഞുപോയിട്ടുള്ളതും പ്രതിമാസ പെൻഷൻ ലഭിക്കാതെ കഷ്ടപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജലസേചന വകുപ്പിൽ നിലവിലെ നിയമമനുസരിച്ച് എസ്.എൽ.ആർ ജീവനക്കാർക്ക് പെൻഷൻ അനുവദിച്ചിട്ടില്ല. ഗ്രാറ്റുവിറ്റി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | പെരിയാർവാലി ഇറിഗേഷൻ പ്രൊജക്റ്റിന്റെ കീഴിൽ 28.01.1990 മുതൽ 01.09.2009 വരെ എസ്.എൽ.ആർ.ആയി ജോലിചെയ്തു പിരിഞ്ഞു പോയ പി. വിനയൻ ഉൾപ്പെടെയുള്ളവർക്ക് കുറഞ്ഞ നിരക്കിൽ പെൻഷൻ നല്കുന്നതിനു വേണ്ടി നല്കിയിട്ടുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ;വിശദമാക്കാമോ? | (ബി) | പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിൽ 28.01.1990 മുതൽ 01.09.2009 വരെ എസ്.എൽ.ആർ. ആയി ജോലി ചെയ്തു പിരിഞ്ഞു പോയ ശ്രീ.പി.വിനയന്റെ പെൻഷനു വേണ്ടിയുള്ള അപേക്ഷ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും ജലവിഭവ വകുപ്പിൽ സമീപകാലത്ത് ലഭ്യമായതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ**